**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 67** **12-06-2024 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. കെ. പി. എ. മജീദ്,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പഠനം അവസാനിപ്പിച്ച് സ്കൂളുകളിൽ നിന്നും കൊഴിഞ്ഞു പോകുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | പഠനം അവസാനിപ്പിച്ച് സ്കൂളുകളിൽ നിന്നും കൊഴിഞ്ഞു പോകുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സംബന്ധിച്ച വിവരങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ശേഖരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഇപ്രകാരമുണ്ടാകുന്ന കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; | (ബി) | ഓരോ വിദ്യാർത്ഥിയുടേയും കാര്യത്തിൽ കാരണങ്ങൾ വിശകലനം ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്കിനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ട്. |
| (സി) | ഈ കുട്ടികളെ തിരികെ സ്കൂളിലേക്ക് കൊണ്ടുവരുന്നതിനും ഇവർക്ക് പ്രത്യേക പരിഗണന നൽകുന്നതിനും എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (സി) | <u>പട്ടികജാതി വകുപ്പ്</u><br><br>പട്ടികജാതി വിദ്യാർഥികളുടെ സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് കുറക്കുന്നതിന് പഠനത്തിന് പ്രോത്സാഹനവും സഹായകരവുമായ വിധത്തിൽ വിവിധ സ്കോളർഷിപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്ക് ലംപ്സം ഗ്രാന്റ് (L.P 750/- രൂപ, UP – 900/- രൂപ, HS – 1000/- രൂപ), ദുർബല വിഭാഗ വിദ്യാർഥികൾക്ക് സ്റ്റൈപ്പന്റ് (2000/- രൂപ പ്രതിവർഷം), അൺ എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ഫീസ് റീ-ഇംബേഴ്സ്മെന്റ് (LP/UP – 1333/- രൂപ , HS – 2000/- രൂപ ) എന്നിവ അധ്യയന വർഷാരംഭത്തിൽ തന്നെ നൽകുന്നുണ്ട്.<br><br>സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർഥികൾക്ക് മേൽ പറഞ്ഞവക്കു പുറമേ പ്രാരംഭ |

പഠനച്ചെലവുകൾക്കായി എഡ്യൂക്കേഷൻ എയ്ഡ് (രൂ.2000/- പ്രതി വർഷം) നൽകി വരുന്നു.

പഠനത്തിൽ സമർഥരായ പട്ടികജാതി വിദ്യാർഥികൾക്ക് ശ്രീ അയ്യങ്കാളി ടാലൻറ് സെർച്ച് സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുന്നു. കൂടാതെ പട്ടികജാതി വിദ്യാർഥികൾക്ക് മെച്ചപ്പെട്ട പഠന സൌകര്യങ്ങൾ ഉറപ്പു വരുത്തുന്നതിനായി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പ്രീ മെട്രിക് ഹോസ്റ്റലുകൾ എന്നിവയും വകുപ്പിനു കീഴിൽ പ്രവർത്തിച്ചു വരുന്നു.

പട്ടികവർഗ്ഗ വകുപ്പ്

പഠനം അവസാനിപ്പിച്ച് പോകുന്ന വിദ്യാർത്ഥികളെ തിരികെ സ്കൂളിലേക്ക് കൊണ്ടു വരുന്നതിനും ഇവർക്ക് പ്രത്യേക പരിഗണന നൽകുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ , തദ്ദേശ സ്വയംഭരണ വകുപ്പ് തുടങ്ങിയവയുടെ സഹകരണത്തോടുകൂടി പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഫലമായി കൊഴിഞ്ഞ്പോക്ക് ഒരു പരിധിവരെ കുറച്ച് കൊണ്ടു വരാൻ സാധിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

**ഗോത്രബന്ധു**

വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നങ്ങൾ മൂലമുള്ള കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതിയാണ് ഗോത്രബന്ധു. വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ 326 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. ടി മെന്റർ ടീച്ചർമാർ കുട്ടികളുടെ തനത് ഗോത്രഭാഷയിൽ പാഠ്യഭാഗങ്ങൾ വിവരിച്ചു നൽകുന്നു.

**വിദ്യാവാഹിനി**

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വാസസ്ഥലത്ത് നിന്നും സ്കൂളുകളിൽ പോയി വരാൻ യാത്രാ സൗകര്യമൊരുക്കി നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഗോത്രസാരഥി  പദ്ധതി ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുകയും, 2023-24 മുതൽ ഗോത്രസാരഥി പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി വിദ്യാവാഹിനി എന്ന് പുനർനാമകരണം ചെയ്ത്  നടപ്പിലാക്കി വരുന്നു.

**<u>രക്ഷിതാക്കൾക്കുള്ള പ്രോത്സാഹനധനസഹായം</u>**

പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയക്കുന്നതിന് ഓരോ അദ്ധ്യയന വർഷവും 75% ഹാജർ ഉള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രതിവർഷം 500 രൂപ പ്രോത്സാഹന ധനസഹായം നൽകുന്നു.

**<u>സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ</u>**

എസ്.എസ്.എൽ.സി വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾക്കായുള്ള ലംപ്സംഗ്രാന്റ് (എൽ.പി.വിഭാഗം വിദ്യാർത്ഥികൾക്ക് 750/- രൂപയും, യു.പി.വിഭാഗം വിദ്യാർത്ഥികൾക്ക് 900/- രൂപയും ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്ക് 1000/- രൂപയും), പ്രതിമാസം സ്റ്റൈപന്റായി 200/- രൂപയും  നൽകി വരുന്നു. നഴ്സറി തലത്തിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് 500/- രൂപ നിരക്കിൽ ലംപ്സം ഗ്രാന്റ് അനുവദിച്ച് വരുന്നു.

**<u>9,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക കേന്ദ്ര സഹായ സ്കോളർഷിപ്പ്</u>**

കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 2250/- രൂപ സ്കോളർഷിപ്പ് ഇനത്തിലും 750/-രൂപ പുസ്തകങ്ങൾ ഉൾപ്പെടെയുള്ള പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റിനത്തിലും നൽകുന്നു.

| | | | |
|---|---|---|---|
| | | | ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 5250/- രൂപയും 1000/- രൂപയും നൽകുന്നു.<br><br>**<u>സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം</u>**<br><br>അക്കാദമിക് കലാ കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന പദ്ധതിയാണിത്. എസ്.എസ്.എൽ.സി, പ്ലസ് ടു കുട്ടികൾക്ക് ഗ്രേഡിന്റെ അടിസ്ഥാനത്തിൽ 3000/- രൂപയും ബിരുദം, ബിരുദാനന്തരബിരുദം എന്നിവയ്ക്ക് യഥാക്രമം 4500/-, 6000/- രൂപ നിരക്കിലും പ്രത്യേക പ്രോത്സാഹനം നൽകി വരുന്നു. |
| (ഡി) | ആദിവാസി മേഖലയിലെ കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട യാത്രാസൗകര്യങ്ങൾ ഉറപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (ഡി) | <u>പട്ടികവർഗ്ഗ വകുപ്പ്</u><br><br>പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട യാത്രാ സൗകര്യങ്ങൾ ഒരുക്കുന്നതിനായി 2013-14 അദ്ധ്യയന വർഷം സംസ്ഥാനത്തെ വിദൂരവും ദുർഘടവുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിന്നും വിദ്യാർത്ഥികളെ സ്കൂളിലെത്തിച്ച് തിരികെ വീട്ടിലെത്തിക്കുന്നതിനായി ഗോത്രസാരഥി പദ്ധതി നടപ്പിലാക്കിയിരുന്നു. 2020-21 വർഷം മുതൽ ഗോത്രസാരഥി പദ്ധതി നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ടി.എസ്.പി. ഫണ്ടിൽ ഉൾപ്പെടുത്താവുന്നതാണെന്ന് ഉത്തരവായിരുന്നു.<br><br>2023-24 അദ്ധ്യയന വർഷം മുതൽ ഗോത്രസാരഥി പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വിദ്യാവാഹിനി എന്ന് പുനർനാമകരണം ചെയ്ത് പട്ടികവർഗ്ഗ വികസന വകുപ്പ് തന്നെ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

| **ജില്ല** | **2017-18** | **2018-19** | **2019-20** | **2020-21** | **2021-22** | **2022-23** | **2023-24 (Provisional)** |
|---|---|---|---|---|---|---|---|
| തിരുവനന്തപുരം | 14 | 6 | 14 | 1 | 1 | 0 | 0 |
| കൊല്ലം | 4 | 2 | 10 | 0 | 1 | 0 | 4 |
| പത്തനംതിട്ട | 1 | 1 | 1 | 0 | 1 | 0 | 8 |
| ആലപ്പുഴ | 0 | 0 | 0 | 0 | 0 | 3 | 0 |
| കോട്ടയം | 12 | 1 | 11 | 2 | 2 | 3 | 15 |
| ഇടുക്കി | 75 | 62 | 99 | 0 | 38 | 35 | 44 |
| എറണാകുളം | 8 | 34 | 18 | 1 | 4 | 4 | 21 |
| തൃശ്ശൂർ | 20 | 23 | 2 | 4 | 14 | 14 | 7 |
| പാലക്കാട് | 89 | 49 | 85 | 2 | 23 | 80 | 32 |
| മലപ്പുറം | 86 | 91 | 71 | 11 | 53 | 19 | 8 |
| കോഴിക്കോട് | 8 | 2 | 27 | 0 | 1 | 4 | 5 |
| വയനാട് | 706 | 570 | 466 | 22 | 65 | 147 | 274 |
| കണ്ണൂർ | 42 | 48 | 22 | 39 | 1 | 30 | 37 |
| കാസർഗോഡ് | 20 | 30 | 35 | 2 | 7 | 16 | 13 |
| **ആകെ** | **1085** | **919** | **861** | **84 കോവിഡ്** | **211** | **355** | **468** |